(13) തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിനു സമീപം സ്റ്റേഷൻ മാസ്റ്റർ ഓഫീസ് തുറക്കണമെന്ന ആവശ്യം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്രസിദ്ധമായ ശ്രീരാമസ്വാമി ക്ഷേത്രം കേരളത്തിലെ ചരിത്രപ്രാധാന്യമുള്ള ഒരു തീർത്ഥാടന കേന്ദ്രമാണ്. അവിടെ എൻ. എച്ച്. 17-ൽ കോട്ടപ്പുറം, ചേറ്റുവ എന്നീ പാലങ്ങൾ തുറന്നതോടുകൂടി കൂടുതൽ അനുവദിക്കപ്പെട്ട ധാരാളം കെ. എസ്. ആർ. ടി സി. ബസ്സുകൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ക്ഷേത്രത്തിനടുത്ത് ഉണ്ടാകണം. ശബരിമല സീസൺ വരുന്നതോടുകൂടി നൂറു കണക്കിന് തീർത്ഥാടകർ വരുന്ന ക്ഷേത്രമാണ് അത്. ആ ക്ഷേത്രനടയിൽ ഒരു സ്റ്റേഷൻ മാസ്റ്റർ ആഫീസ് തുറക്കാനും കൂടുതൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടിക്കാനും ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, തൃപ്രയാർ ദേശസാൽകൃത മേഖലയിൽപ്പെടുന്ന ഒരു സ്ഥലമല്ല. എങ്കിലും ഈ സ്ഥലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആലുവ, തൃശ്ശൂർ, മാള, ഗുരുവായൂർ, തിരുവനന്തപുരം മുതലായ ബസ് സ്റ്റേഷനുകളിൽ നിന്ന് തൃപ്രയാർ ടച്ച് ചെയ്ത് സർവ്വീസുകൾ നടക്കുന്നുണ്ട്. ഇപ്പോഴത്തന്നെ പതിനഞ്ച് സർവീസുകൾ തൃപ്രയാർ വഴി നടക്കുന്നുണ്ട്. അവിടെ ഒരു ഓപ്പറേറ്റിംഗ് സെന്ററിന് സാദ്ധ്യതയുണ്ട്. പക്ഷെ തൃപ്രയാർ പോലെയുള്ള ഒരു സ്ഥലത്ത് ആവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് സാധിക്കുമോ എന്ന കാര്യം, ഈ ആവശ്യം 29-10-1986-ന് ബഹുമാനപ്പെട്ട മെമ്പർ എന്നോട് ഉന്നയിച്ചപ്പോൾത്തന്നെ ഞാൻ ആരായുകയുണ്ടായി. അതിനുള്ള സാദ്ധ്യതകൾ വളരെ വിരളമാണ്, എങ്കിലും അദ്ദേഹം അവിടെ ഒരു സ്റ്റേഷൻ മാസ്റ്റർ ആഫീസിനെക്കുറിച്ച് ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുകയാണ്. വെയിറ്റിംഗ് ഷെഡും സ്റ്റേഷൻമാസ്റ്റർ ആഫീസും തുറക്കാൻ സൗകര്യത്തോടുകൂടിയ സ്ഥലം ലഭ്യമാകുകയാണെങ്കിൽ ഈ പറഞ്ഞ കാര്യം പരിഗണിക്കുന്നതാണ്.

(14) ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, അടുത്തകാലത്ത് നടപ്പാക്കിയ ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി ഒരു വിഭാഗം ജീവനക്കാർക്കുണ്ടായിട്ടുള്ള ഗുരുതരമായ പരാതിയെപ്പറ്റി മുഖ്യമന്ത്രിയുടെ ശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. സെക്രട്ടേറിയറ്റിലും മറ്റു ചില സ്ഥാപനങ്ങളിലും ടൈപ്പിസ്റ്റുകളും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരും എന്നു പറയുന്ന ഒരു വിഭാഗം ജീവനക്കാരുണ്ട്. അവരുടെ ശമ്പളത്തിൽ ദീർഘകാലമായി സെക്രട്ടേറിയറ്റിലെ ലോവർ ഡിവിഷൻ അസിസ്റ്റന്റ്സിന്റെ ശമ്പളവുമായി പാരിറ്റി നിലനിർത്തിയിരുന്നു. രണ്ടും തുടങ്ങുന്നതും അവസാനിക്കുന്നതും ഒരേ സ്കെയിലിലായിരുന്നു. ഈ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയതിന്റെ ഫലമായി 75-80 രൂപയുടെ വ്യത്യാസം അതിൽ വരുത്തിയിരിക്കുന്നു. അസിസ്റ്റന്റുമാരുടെതിനെക്കാൾ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും ടൈപ്പിസ്റ്റുകൾക്കും 80 രൂപ

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ ഒരു സ്കെയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായിട്ട് അവരുടെയിടയിൽ വളരെയധികം അസംതൃപ്തിയുണ്ട്. മറ്റാരുടെയിടയിൽ ഈ ഡീമോറലൈസേഷൻ ഉണ്ടാക്കിയാലും ആ ഡീമോറലൈസേഷൻ ഉണ്ടാക്കാൻ പാടില്ലാത്ത കൂട്ടരാണ് മന്ത്രിമാർ ഉൾപ്പെടെയുള്ള അധികാരസ്ഥാനത്തിരിക്കുന്ന ആളുകളെ പേഴ്സണൽ ആയിട്ട് സഹായിക്കുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരും ടൈപ്പിസ്റ്റുകളും. അവരുടെയിടയിൽ വലിയ നിരാശയും ഡീമോറലൈസേഷനും വരുത്തിയിരിക്കുന്നു. ഇങ്ങനെയുള്ള ലോങ് എസ്റ്റാബ്ലിഷ് പാരിറ്റി ഡിസ്റ്റർബ് ചെയ്യാറില്ല. അത് ഒരു തത്വമായിട്ടാണ് എല്ലാവരും അംഗീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ആ പാരിറ്റി റസ്റ്റോർ ചെയ്യണമെന്നും അവർക്കും മറ്റു പലർക്കും കൊടുത്തിരിക്കുന്നതിന് തുല്യമായിട്ടുള്ള സ്കെയിൽ കൊടുക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച് നടപ്പിലാക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, സെക്രട്ടേറിയറ്റിലേയും പി. എസ്. സി. ആഫീസിലെയും അഡ്വക്കേറ്റ് ജനറൽ ആഫീസിലെയും രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെയും രണ്ടാം ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെയും സ്കെയിൽ ഓഫ് പേ ഒന്നു തന്നെയാണ്. ശമ്പള പരിഷ്ക്കരണത്തിനു മുമ്പും അതിനുശേഷവും ഇതു തന്നെയാണ് സ്ഥിതി. എന്നാൽ ശമ്പളകമ്മിഷന്റെ ഒരു പ്രത്യേക ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ആഫീസുകളിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാർക്കും ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിലെ രണ്ടാം ഗ്രേഡ് ആഡിറ്റർമാർക്കും തുടക്കത്തിൽ ഒരു ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ഇത് മുമ്പ് ഇല്ലായിരുന്ന ഒരു കാര്യമാണ്. ശമ്പളക്കമ്മീഷന്റെ ഇതര ശുപാർശകൾക്കൊപ്പം ഇതിനെ ഗവൺമെന്റ് അംഗീകരിക്കുകയാണ് ചെയ്തത്. ഇത്തരം ഒരു വ്യത്യാസത്തിന് അസ്പദമായി പ്രത്യേക കാരണമൊന്നും കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടില്ല. രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെയും ആഡിറ്റർമാരുടെയും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത യൂണിവേഴ്സിറ്റി ബിരുദമാണ്. രണ്ടാം ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെത് എസ്. എസ്. എൽ. സി. യും ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയറും മലയാളം ലോവറുമാണ്. ഒരുപക്ഷെ അസിസ്റ്റന്റുമാരുടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയായിരിക്കാം ഇത്തരത്തിൽ ഒരു ശുപാർശ നൽകുന്നതിന് ശമ്പളക്കമ്മീഷനെ പ്രേരിപ്പിച്ചത്. അസിസ്റ്റന്റുമാരുടെയും ടൈപ്പിസ്റ്റുകളുടെയും ശമ്പള സ്കെയിലിന്റെ കാര്യത്തിൽ നിലവിലുള്ള പാരിറ്റികളും ടൈപ്പിസ്റ്റുകളുടെ പ്രൊമോഷൻ സാദ്ധ്യതകളും ഡിസ്റ്റർബ് ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല ഈ ശുപാർശയെന്ന് കമ്മീഷൻ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റും അത്തരത്തിലൊന്നും ഉദ്ദേശിച്ചിട്ടില്ല. അസിസ്റ്റന്റുമാരുടെയും ആഡിറ്റർമാരുടെയും പ്രാരംഭത്തിലുള്ള ഉയർന്ന ശമ്പളം തുടരുന്നതിനും നൽകണമെന്ന് ടൈപ്പിസ്റ്റുകളുടെ സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിൻമേൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(15) കടൽക്ഷോഭമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകൽ

ശ്രീ. പി. കെ. കെ. ബാവ : സർ, ചേറ്റുവ അഴിയുടെ വടക്ക് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കടപ്പുറം പഞ്ചായത്തിൽ 300 മീറ്റർ നീളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly